# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.364

## 27-02-2018 ൽ മറുപടിക്ക്

## കിഫ്ബി പദ്ധതികളുടെ പരിശോധനകൾക്ക് സംവിധാനം

| ചോദ്യം<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. ബി.സത്യൻ<br>ശ്രീ. വി.ടി.എ. റഹീം<br>ശ്രീ. സി. കെ. ശശീന്ദ്രൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് 'കിഫ്ബി' മുഖാന്തിരമുള്ള പദ്ധതികൾ സംബന്ധിച്ച പരിശോധനകൾ നടത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; | 2016 ലെ ഭേദഗതി ചെയ്ത കിഫ് ആക്ട് പ്രകാരം കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ പരിശോധന നടത്തുന്നതിനായി കിഫ്ബിയിൽ ഇൻസ്പെക്ഷൻ അതോറിറ്റി വിഭാഗം രൂപീകരിച്ചിട്ടുണ്ട്. 14.02.2017 ലെ സ.ഉ. (കൈ) നം. 77/2017/ധന ഉത്തരവ് പ്രകാരം ഈ വിഭാഗത്തിൽ സൃഷ്ടിച്ചിട്ടുള്ള തസ്തികകളിൽ ബന്ധപ്പെട്ട മേഖലകളിൽ അഭികാമ്യ യോഗ്യതയുള്ള ഉദ്യോഗസ്ഥരെയാണ് നിയമിച്ചിട്ടുള്ളത്. കിഫ്ബി പദ്ധതികളുടെ ടെൻഡർ നടപടിക്രമങ്ങൾ, കരാർ ബില്ലുകൾ, ഭൗതിക പുരോഗതി, പദ്ധതി നിർവ്വഹണ ഏജൻസികളുടെ യഥാവിധിയുള്ള ധനവിനിയോഗം എന്നിവയിന്മേലുള്ള ആധികാരികത പരിശോധിക്കുന്നതിനായി ഈ വിഭാഗത്തിൽ അഡ്മിനിസ്ട്രേറ്റീവ് ഇൻസ്പെക്ഷൻ വിംഗും, പദ്ധതികളുടെ സാങ്കേതികാനുമതി, ക്രമപ്രകാരമുള്ള നടത്തിപ്പ്, വിവിധ ഇനങ്ങളുടെ ക്രമപ്രകാരമുള്ള അളവും ഗുണമേന്മയും, ആവശ്യമനുസരിച്ച് പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് നൽകേണ്ട നിർദ്ദേശവും ഉപദേശവും എന്നിവ കൈകാര്യം ചെയ്യുന്നതിനായി ടെക്നിക്കൽ ഇൻസ്പെക്ഷൻ വിംഗും പ്രവർത്തിക്കുന്നു. ഈ രണ്ടു വിഭാഗങ്ങളുടേയും റിപ്പോർട്ട് ഏകീകൃതമായി തയ്യാറാക്കി ആവശ്യമായ നടപടികൾ സ്വീകരിച്ച് ന്യൂനതകൾ ഇല്ലാതെ പദ്ധതികൾ നടപ്പിലാക്കുക എന്നതും കിഫ്ബിയുടെ ഉദ്ദേശലക്ഷ്യങ്ങളിൽ ഒന്നാണ്. |

| | |
|---|---|
| (ബി) ഇതുവരെ എത്ര കോടി രൂപയുള്ള പദ്ധതികൾക്ക് നിർവ്വഹണാനുമതി നൽകിയിട്ടുണ്ട്; | സംസ്ഥാനത്ത് ഇതുവരെയായി കിഫ്‌ബി വഴി ആകെ 19940.15 കോടി രൂപയുള്ള പദ്ധതികൾക്ക് നിർവ്വഹണാനുമതി നൽകിയിട്ടുണ്ട്. |
| (സി) ജനറൽ ഒബ്ലിഗേഷൻ ബോണ്ട് പുറപ്പെടുവിക്കുന്നതനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ; | 2016 ലെ ഭേദഗതി ചെയ്ത കിഫ് ആക്റ്റ് പ്രകാരം ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ, റവന്യൂ ഒബ്ലിഗേഷൻ ബോണ്ടുകൾ, ലാൻഡ് ബോണ്ടുകൾ തുടങ്ങി സെബിയും ആർ.ബി.ഐയും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണങ്ങൾ അവലംബിച്ച് സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പണം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഉദ്ദേശമുണ്ട്. നിലവിൽ 3500 കോടി രൂപയുടെ ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിന് കിഫ്‌ബി ബോർഡ് തീരുമാനമെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ICRA, CRISIL എന്നീ റേറ്റിംഗ് ഏജൻസികളെ നിയമിക്കുകയും കിഫ്‌ബിക്ക് A+ റേറ്റിംഗ് ലഭിക്കുകയും ചെയ്തു. ഇതിന്റെ തുടർ നടപടികൾ പുരോഗമിക്കുന്നു. അടുത്തതായി യു.കെ, സിംഗപ്പൂർ, തുടങ്ങിയ രാജ്യങ്ങളിൽ മസാല ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിനും ഉദ്ദേശമുണ്ട്. കൂടാതെ കിഫ്‌ബി പദ്ധതികൾക്കാവശ്യമായ തുക കെ.എസ്.എഫ്. ഇ എൻ.ആർ.ഐ ചിട്ടിയിലൂടെ ലഭിക്കുന്ന ഫ്ലോട്ട് ഫണ്ട് പ്രത്യേക ബോണ്ടുകൾ വഴി സമാഹരിക്കുന്നതിനുള്ള നൂതന സംരംഭവും സർക്കാർ മുന്നോട്ട് വച്ചിട്ടുണ്ട്. മലയാളികളായ പ്രവാസികളുടെ സഹകരണത്തോടെ ഇതുവഴി 12000 കോടി രൂപയുടെ വിഭവ സമാഹരണം നടത്തുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) ഇതിനു പുറമേ റവന്യൂ ബോണ്ട്, ലാന്റ് ബോണ്ട്, തുടങ്ങിയ ബോണ്ടുകൾ ഉൾപ്പെടുത്തി വിഭവസമാഹരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | |

സെക്ഷൻ ഓഫീസർ